പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

27.04.2017-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 73

## മത്സ്യതൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യതൊഴിലാളികൾ ആഴക്കടൽ മീൻപിടിത്ത വ്യവസ്ഥാപരിധികൾ ലംഘിക്കുന്നതുമൂലം ഇവരെ അന്യരാജ്യങ്ങൾ തടവിലാക്കുന്നതും ഇവർ അപകടങ്ങളിൽപ്പെടുന്നതുമായ സംഭവങ്ങൾ അടിക്കടി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യതൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് സ്വീകരിക്കാവുന്ന മുൻകരുതലുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 22.10.2016 ലെ 714/2016/മത്സ്യ നം. സർക്കാർ ഉത്തരവ് പ്രകാരം ഡീഗോ ഗാർഷ്യ പോലുള്ള അന്യരാജ്യങ്ങളുടെ സമുദ്രാതിർത്തിയിൽ കടന്ന് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി പിഴ ഈടാക്കുന്നതും യാനത്തിന്റെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയും മത്സ്യത്തൊഴിലാളികളുടെ ബയോമെട്രിക് തിരിച്ചറിയൽ രേഖയും റദ്ദ് ചെയ്യുന്നതും കൂടാതെ സർക്കാർ അനുവദിക്കുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഒന്നും തന്നെ ഇങ്ങനെയുള്ള യാനത്തിനോ മത്സ്യത്തൊഴിലാളികൾക്കോ നൽകുന്നതല്ലായെന്നും ഉത്തരവായിട്ടുണ്ട്.<br>ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി ജില്ലകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്. |
| (സി) | ജലപരിധി, സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവത്ക്കരണത്തിനും ഗൈഡൻസിനും ആവശ്യമായ സംവിധാനം ഒരുക്കുമോ? | (സി) | ഇന്ത്യൻ മത്സ്യത്തൊഴിലാളികൾ ബ്രിട്ടീഷ് ഇന്ത്യൻ ഓഷൻ ടെറിട്ടറി (BIOT) യിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയും 23.06.2016 ൽ മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് ഡൽഹിയിൽ വച്ച് ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തുകയുമുണ്ടായി. പ്രസ്തുത മീറ്റിംഗിൽ മറ്റു രാജ്യങ്ങളുടെ സമുദ്രാതിർത്തി ലംഘിച്ച് മത്സ്യബന്ധനം |

| | | | |
|---|---|---|---|
| | | | നടത്തുന്ന മത്സ്യബന്ധനയാന ഉടമകൾക്ക് അതാത് രാജ്യത്തെ നിയമം അനുസരിച്ച് പിഴ നൽകുന്നതിനും കൂടാതെ ടി യാനങ്ങൾ പിടിച്ചെടുത്ത് രജിസ്ട്രേഷൻ, ലൈസൻസ്, ബയോമെട്രിക് തിരിച്ചറിയൽ കാർഡ്, ക്ഷേമനിധി അംഗത്വം എന്നിവ റദ്ദ് ചെയ്യാനും ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവ കേന്ദ്രീകരിച്ച് ബോധവത്കരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. ജില്ലകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കോസ്റ്റ് ഗാർഡ് പട്രോളിംഗ് കാര്യക്ഷമമായി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ